"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ്- കേരള സംസ്ഥാന കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ - പ്രോജക്റ്റ് അസിസ്റ്റന്റ് തസ്തികയിൽ ശ്രീ.അനിൽ ജി.-യുടെ സേവനം 09/05/2024 മുതൽ ഒരു വർഷത്തേയ്ക്ക് നിലവിലെ വ്യവസ്ഥയിലും വേതനത്തിലും ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.22/2025/BCDD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:- 1) 30.1.2023-ലെസ.ഉ(സാധാ)നം.12/2023/പി.വി.വി.വ. ഉത്തരവ്

2) കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23.07.2024-ലെ KSPMMWDC/505/2024/A2 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ ഒരു പ്രോജക്റ്റ് അസിസ്റ്റന്റിനെ 13.05.2015-ലെ 48/2015/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കോ പകരം സംവിധാനം നിലവിൽ വരുന്നത് വരെയോ, ഏതാണോ ആദ്യം അത് വരെ, ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2) ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ പ്രോജക്റ്റ് അസിസ്റ്റന്റ് തസ്തികയിൽ ശ്രീ. അനിൽ.ജി-യെ 08.05.2023 മുതൽ ഒരു വർഷത്തേക്ക് നിയമിക്കുകയുണ്ടായി. ശ്രീ.അനിൽ ജി.യുടെ സേവന കാലാവധി 07.05.2024-ന് അവസാനിച്ച സാഹചര്യത്തിൽ, നിലവിലെ വ്യവസ്ഥയിലും വേതനത്തിലും ടിയാളുടെ സേവനം ഒരു വർഷം കൂടി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) കത്ത് പ്രകാരം കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ പ്രോജക്റ്റ്

അസിസ്റ്റന്റ് തസ്തികയിൽ ശ്രീ.അനിൽ ജി.-യുടെ സേവനം 09/05/2024 മുതൽ ഒരു വർഷത്തേയ്ക്ക് നിലവിലെ വ്യവസ്ഥയിലും വേതനത്തിലും ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ജോയിന്റ് സെക്രട്ടറി

To

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, കനക നഗർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 07-03-2025 16:59:56